പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

23.06.2014-ൽ മറുപടിക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നമ്പർ . 3408

## സമ്പാദ്യ സമാശ്വാസ പദ്ധതി വഴി ധനസഹായം

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ഡോ.ടി.എം.തോമസ് ഐസക് | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ സമാശ്വാസ പദ്ധതി വഴി 2013-14 സാമ്പത്തിക വർഷം നൽകേണ്ടിയിരുന്ന ധനസഹായം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ; ഇത് പൂർണ്ണമായും ലഭ്യമാക്കിയിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷം തീരദേശ ജില്ലകളിലും ഉൾനാടൻ ജില്ലകളിലുമായി ഗുണഭോക്തൃ വിഹിതവും ഗവൺമെന്റ് വിഹിതവും ഉൾപ്പെടെ 23,42,03,400/- (ഇരുപത്തിമൂന്ന് കോടി നാൽപ്പത്തിരണ്ട് ലക്ഷത്തി മൂവായിരത്തി നാന്നൂറ് രൂപ മാത്രം) രൂപയാണ് നൽകേണ്ടിയിരുന്നത്. ഇത് പൂർണ്ണമായും ലഭ്യമാക്കിയിട്ടില്ല. ഗുണഭോക്താക്കൾ നൽകിയ ബാങ്ക് അക്കൗണ്ടുകളുടെ പിഴവുകളാണ് പൂർണ്ണമായും ലഭ്യമാക്കാൻ കഴിയാത്തത്. ആയത് ഗുണഭോക്താക്കളുമായി ബന്ധപ്പെട്ട അക്കൗണ്ടുകൾ ശരിയാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ ധനസഹായത്തിന് അർഹരായിരുന്ന ഉൾനാടൻ മത്സ്യത്തൊഴിലാളികൾ എത്രയെന്നും തീരദേശ മത്സ്യത്തൊഴിലാളികൾ എത്രയെന്നും വ്യക്തമാക്കാമോ; | (ബി) | ഈ പദ്ധതി പ്രകാരം 2013-14 സാമ്പത്തിക വർഷത്തിൽ ധനസഹായത്തിന് അർഹരായിരുന്നത് 19884 ഉൾനാടൻ മത്സ്യത്തൊഴിലാളികളും 156615 തീരദേശ മത്സ്യത്തൊഴിലാളികളുമാണ്. |
| (സി) | ഈ ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ലാത്ത തീരദേശമത്സ്യതൊഴിലാളികളെത്രയെന്നും ഉൾനാടൻ മത്സ്യത്തൊഴിലാളികളെത്രയെന്നും വ്യക്തമാക്കാമോ ? | (സി) | ധനസഹായം ഇതുവരെ ലഭിച്ചിട്ടില്ലാത്ത തീരദേശ മത്സ്യത്തൊഴിലാളികൾ 31425 ഉം ഉൾനാടൻ മത്സ്യത്തൊഴിലാളികൾ 175 ഉം ആണ്. |

Jayasree

സെക്ഷൻ ഓഫീസർ